"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വ്യവസായ വകുപ്പ് - കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് - 2024-25 - ഖാദി തുണിത്തരങ്ങൾക്കുള്ള സെപ്ഷ്യൽ റിബേറ്റിനത്തിൽ 405 ലക്ഷം രൂപ (നാന്നൂറ്റി അഞ്ച് ലക്ഷം രൂപ മാത്രം) റിലീസ് ചെയ്ത് ഉത്തരവാകുന്നു.

---

വ്യവസായ (കെ) വകുപ്പ്

സ.ഉ.(സാധാ) നം.635/2024/ID തീയതി,തിരുവനന്തപുരം, 22-07-2024

---

പരാമർശം:- 1. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറിയുടെ 18.12.2023 തീയതിയിലെ കെ. ബി.1865/2016/എം3 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ '2851-00-105-96-33-special Rebate on Retail sale of Khadi - subsidies ' എന്ന ശീർഷകത്തിൽ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പരാമർശം (1), പ്രകാരം പ്രസ്തുത തുക അനുവദിക്കണമെന്ന് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്ന് '2851-00-105-96-33-Special Rebate on Retail sale of Khadi - Subsidies (NP)' എന്ന ശീർഷകത്തിൽ ഖാദി തുണിത്തരങ്ങൾക്കുള്ള സെപഷ്യൽ റിബേറ്റിനത്തിൽ ഒന്നാം ഗഡുവായി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് 405 ലക്ഷം രൂപ (നാന്നൂറ്റി അഞ്ച് ലക്ഷം രൂപ മാത്രം) ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി റിലീസ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു:

i. ഫണ്ട് ബാങ്കുകളിലോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിലോ പാർക്ക് ചെയ്യാൻ പാടില്ലാത്തതാണ്.

ii. അനുവദിക്കപ്പെട്ട പദ്ധതിക്കായി മാത്രം ഫണ്ടുകൾ വിനിയോഗിക്കേണ്ടതും മറ്റ് ആവശ്യങ്ങൾക്കായി വക മാറ്റുവാൻ പാടില്ലാത്തതുമാണ്.

iii. സർക്കുലർ നം. 84/2008/ധന. തിയതി 09.12.2008, സർക്കുലർ നം. 75/09/ധന. തീയതി 29.08.2009, സർക്കുലർ നം.8/2018/ധന. തീയതി 30.01.2018, സർക്കുലർ നം. 53/2018/ധന. തീയതി 16. 06.2018 എന്നിവയിൽ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

iv. പുതിയ ഫണ്ട് റിലീസ് പ്രൊപ്പോസലുകൾക്കൊപ്പം മുൻപ് അനുവദിച്ച തുകകളുടെ ഉപയോഗ സർട്ടിഫിക്കറ്റ് / കംപോണന്റ് തിരിച്ചുള്ള ചെലവ് വിശദാംശങ്ങളും റിലീസ് ചെയ്യാനുള്ള തുകയും 09.01.2020 തീയതിയിലെ സ.ഉ.(കൈ)നം. 04/2020/ധന. ഉത്തരവിന്റെ അനുബന്ധത്തിൽ നിർദ്ദേശിച്ചിട്ടുള്ള നിശ്ചിത മാതൃകയിൽ ലഭ്യമാക്കേണ്ടതാണ്.

v. ലോൺ മോണിറ്ററിംഗും ഫണ്ട് മാനേജ്മെന്റും സംബന്ധിച്ച് സ. ഉ.(അച്ചടി) നം.157/2021/ധന. തീയതി

26.11.2021, സ.ഉ. (അച്ചടി) നം.171/2021/ധന. തീയതി 18.12.2021 എന്നിവയിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

vi. കേരളത്തിൽ ഉദ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് മാത്രം റിബേറ്റ് കുടിശ്ശിക നൽകുന്നുവെന്നുള്ളതിനാൽ ഖാദി ബോർഡ് സെക്രട്ടറി അതിനുള്ള കണക്കുകൾ നൽകേണ്ടതാണ്.

vii.അർഹമായ റിബേറ്റ്, സാധാരണ / പ്രത്യേക റിബേറ്റ്, ഗവൺമെന്റിൽ നിന്ന് ലഭിച്ച കിഴിവ്, അനുവദിക്കേണ്ട ബാലൻസ്, സർക്കാർ റിബേറ്റുകൾക്ക് കീഴിൽ വരുന്നതല്ലാത്ത വിൽപ്പനയുടെ ലാഭ നില എന്നിവ ഉൾപ്പെടുന്ന ഓഡിറ്റ് ചെയ്യുതും പൊരുത്തപ്പെടുത്തിയതുമായ കണക്കുകൾ ഖാദി ബോർഡ് സെക്രട്ടറി സമർപ്പിക്കേണ്ടതാണ്.

4. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറി സമർപ്പിക്കുന്ന ബില്ലിൽ ഡയറക്ടർ / വ്യവസായ വാണിജ്യ അഡീഷണൽ ഡയറക്ടർ കൌണ്ടർസൈൻ ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി
സെക്രട്ടറി, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, തിരുവനന്തപുരം.
ഡയറക്ടർ / അഡിഷണൽ ഡയറക്ടർ ഓഫ് ഇൻഡസ്ട്രീസ് & കൊമേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, വികാസ് ഭവൻ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, കെ-ബിപ്പ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (പി.യു.ഡി1/43/2022-ധന തീയതി 18.0.2024 പ്രകാരം).
അണ്ടർ സെക്രട്ടറി & നോഡൽ ഓഫീസർ, ബജറ്റ് മോണിറ്ററിംഗ് സിസ്റ്റം
ധനകാര്യ (ജിഎംസി) വകുപ്പ്
ഐ & പി.ആർഡി (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്).
സ്റ്റോക്ക് ഫയൽ (കെ1-170/2022-വ്യവ)

ഉത്തരവിൻ പ്രകാരം

Signed by
Simi Jose V
സെക്ഷൻ ഓഫീസർ
Date: 22-07-2024 15:42:12